ചന്ദ്രിക
14 March 2024




സിഎംഎഫ്ആർഐയിൽ നടന്ന വനിതാദിനാഘോഷ ചടങ്ങിൽ കെ.ജി രതികുമാരിയെ ആദരിക്കുന്നു

# ഐവി ജോസിനും രതികുമാരിക്കും സിഎംഎഫ്ആർഐയുടെ അംഗീകാരം

കൊച്ചി: മത്സ്യമേഖലയിൽ സ്ത്രീശക്തി തെളിയിച്ച് നേട്ടം കൈവരിച്ച ഐവി ജോസിനും കെ ജി രതികുമാരിക്കും കേന്ദ്രസമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) ആദരം. മുനമ്പം സ്വദേശിയായ ഐവി മത്സ്യവള നിർമാണരംഗത്താണ് സംരംഭകയായി കഴിവ് തെളിയിച്ചതെങ്കിൽ, അലങ്കാര മത്സ്യകൃഷിയിലെ മികവാണ് ആലപ്പുഴ ഓണാട്ടുകര സ്വദേശിയായ രതികുമാരിക്ക് നേട്ടമായത്. ഇരുവരെയും സിഎംഎഫ്ആർഐയിൽ നടന്ന വനിതാദിനത്തിൽ ഡയറക്ടർ ഡോ എ.ഗോപാലകൃഷ്ണൻ അംഗീകാര പത്രം നൽകി ആദരിച്ചു.

രണ്ടുപേരും സിഎംഎഫ്ആർഐയുടെ സയൻസ്ടെക്നോളജി ഇന്നൊവേഷൻ ഹബ്ബ് പദ്ധതിയുടെ ഗുണഭോക്താക്കൾ കൂടിയാണ്. മുനമ്പം ഹാർബറിനടുത്ത് 'ഐവിസ് അഗ്രോഹബ്' എന്ന പേരിൽ സ്ഥാപനം നടത്തുകായണ് ഐവി ജോസ്. വർഷങ്ങൾക്ക് മുമ്പ് സിഎംഎഫ്ആർഐയുടെ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നാണ് മത്സ്യവളനിർമാണത്തിൽ പരിശീലനം നേടിയത്. അലങ്കാര മത്സ്യ കൃഷിയിൽ ലഭിച്ച ശാസ്ത്രീയമായ പരിശീലനങ്ങളും അതനുസരിച്ചുള്ള ചിട്ടയായ പ്രവർത്തനങ്ങളുമാണ് രതികമുമാരിയെ മികച്ച സംരംഭകയാകാൻ സഹായിച്ചത്. ഡിയർ ഗപ്പി' എന്ന പേരിൽ നടത്തുന്ന അലങ്കാരമത്സ്യ ഫാമിൽ വിവിധയിനം മീനിനങ്ങൾ ലഭ്യമാണ്. കുടുംബ വരുമാനത്തിന്റെ 50 ശതമാനത്തോളം അലങ്കാരമത്സ്യ ഫാമിലൂടെ കണ്ടെത്താൻ കഴിയുന്നുണ്ടെന്ന് രതികുമാരി പറഞ്ഞു ചടങ്ങിൽ പിന്നണി ഗായിക ചിത്ര അരുൺ മുഖ്യാതിഥിയായിരുന്നു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ.ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സിഎംഎഫ്ആർഐ വനിതാസെൽ ചെയർപേഴ്സൺ ഡോ മിറിയം പോൾ ശ്രീറാം, മെമ്പർ സെക്രട്ടറി ഡോ സന്ധ്യ സുകുമാരൻ എന്നിവർ സംസാരിച്ചു.